# കേൾവിവൈകല്യത്തെക്കുറിച്ച്



ബാഹ്യകർണ്ണം

മധ്യകർണ്ണം

ആന്തരിക കർണ്ണം

ആശയവിനിമയ വൈകല്യ നിവാരണ വിഭാഗം (പിഒസിഡി)

ഭാരതീയ വാക് ശ്രവണ സ്ഥാപനം
മാനസഗംഗോത്രി,മൈസൂർ –570006
ഫോൺ നമ്പർ : 0821–2502000, ഫാക്സ് : 0821–2510515
ഇമെയിൽ: director@aiishmysore.in
വെബ് സൈറ്റ് : www.aiishmysore.in

## എന്താണ് കേൾവി വൈകല്യം?

- ഒരു ചെവിയിലോ ഇരു ചെവികളിലുമോ കേൾവി ശക്തിയിലുണ്ടാകുന്ന കുറവ്
- കേൾവിവൈകല്യം ആരംഭം: ജനനസമയം മുതൽ എപ്പോൾ വേണമെങ്കിലും
- വിവിധതരം കേൾവിക്കുറവുകൾ: ചാലനസംബന്ധമായ കേൾവിക്കുറവ് (ബാഹ്യ/മധ്യ കർണ്ണം ഉൾപ്പെട്ടത്), സംവേദനാഡീസംബന്ധമായ കേളിങ്ങക്കുറവ് (ആന്തരികർണ്ണം ഉൾപ്പെട്ടത്), സമ്മിശ്ര കേൾവിക്കുറവ് (മധ്യ ആന്തരിക കർണ്ണങ്ങൾ ഉൾപ്പെട്ടത്), കൂടാതെ ഓഡിറ്ററി പ്രോസസിംഗ് വൈകല്യങ്ങൾ (കേൾവി ഞരമ്പ് മുതൽ തലച്ചോറുവരെയുള്ള മാർഗത്തിൽ എവിടെയെങ്കിലും)




- കേൾവിക്കുറവിന്റെ തോത്: ഇത് കേൾവി പ്രശ്നത്തിന്റെ വ്യാപ്തിയെ ആശ്രയിച്ചിരിക്കും ഇത് താഴെ കൊടുത്തിരിക്കുന്നതു പോലെ ഡെസിബെല്ലിലാണ് അളക്കുന്നത് (dB HL)

    –10 മുതൽ 15 വരെ dB HL: സാധാരണ കേൾവിശക്തി
    16 മുതൽ 25 വരെ dB HL: മിനിമം കേൾവിക്കുറവ്
    26 മുതൽ 40 വരെ dB HL: വളരെ ലഘുവായ കേൾവിക്കുറവ്
    41 മുതൽ 55 വരെ dB HL: മിതമായ കേൾവിക്കുറവ്
    56 മുതൽ 70 വരെ dB HL: സാമാന്യേന സാരമായ കേൾവിക്കുറവ്
    71 മുതൽ 90 വരെ dB HL:ഗുരുതരമായ കേൾവിക്കുറവ്

### കേൾവിക്കുറവിന്റെ കാരണങ്ങൾ:

- ചെവിയിലെ അണുബാധ
- പ്രായാധിക്യം
- കുടുംബത്തിലാർക്കെങ്കിലും കേൾവിക്കുറവുള്ള പാരമ്പര്യം
- ചിലപ്പോൾ വ്യക്തമായ യാതൊരു കാരണവുമില്ലാതെയും കേൾവിക്കുറവ് വരാനിടയുണ്ട്.





- പ്രസവത്തിനു മുൻപോ , പ്രസവസമയത്തോ, പ്രസവാനന്തരമോ ഉണ്ടാകുന്ന അണുബാധ
- പരിക്ക്, അപകടം, ശക്തമായ അടി ഇവ മൂലം ചെവിക്കുള്ളിൽ ഉണ്ടാകുന്ന ആഘാതം
- ചെവിക്കുള്ളിൽ ഹെയർ പിൻ, പെൻസിൽ മുന, കല്ലുകൾ, തീപ്പെട്ടിക്കൊള്ളി എന്നിവ കടത്തുക



- ചെവിക്ക് ഹാനികരമായ ചില മരുന്നുകളുടെ ഉപയോഗം (ഓട്ടോടോക്സിക് )



- ദീർഘ കാലം വളരെ ഉച്ചത്തിലുള്ള ശബ്ദം കേള്ക്കാമനിടവരുകയോ (വ്യവസായശാലകളിലെ ശബ്ദം, ഉറക്കെയുള്ള സംഗീതം തുടങ്ങിയവ) അഥവാ അതിശക്തമായ ശബ്ദം (ഉദാ പടക്കം പൊട്ടൽ, തോക്കിൽ നിന്നുമുള്ള വെടിശബ്ദം) കേള്ക്കാ നിടവരുകയോ ചെയ്യുന്നതു മൂലം ഉണ്ടാകുന്ന കേൾവിക്കുറവ്

## ലക്ഷണങ്ങൾ

- കേൾക്കാൻ ബുദ്ധിമുട്ടുണ്ടാകുക



- ഉറയുന്നത് ആവർത്തിക്കാനായുള്ള ആവശ്യം സംഭാഷണം മനസ്സിലാക്കാനുള്ള പ്രയാസം അഥവാ ശബ്ദമുഖരിതമായ സ്ഥലത്തോ ആൾക്കൂട്ടത്തിൽ വച്ച് സംസാരം മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്







- ചെവി വേദനയോ ചെവിയൊലിപ്പോ





- ചെവിയിൽ മണിയടി ശബ്ദമോ മുഴക്കമോ ഉണ്ടാകുക
- ചുറ്റുമുള്ളവർ വ്യക്തമായി സംസാരിക്കുന്നില്ല എന്ന തോന്നൽ
- ശബ്ദത്തിന്റെ ദിശ മനസ്സിലാക്കാനുള്ള പ്രയാസം
- ചെവിയടപ്പോ ചെവിക്കുള്ളിൽ ചൊറിച്ചിലോ അനുഭവപ്പെടുക
- തലക്കറക്കവും നേരേ നില്ക്കാനുള്ള പ്രയാസവും

## കേൾവിക്കുറവ് എങ്ങനെ തടയാം

- ചില രോഗങ്ങൾക്കെതിരെ പ്രതിരോധകുത്തിവയ്പ്പ് നടത്തുക (ഉദാ: മസ്തിഷ്ക ജ്വരത്തിനെതിരെ)
- ശബ്ദമുഖരിതമായ സ്ഥലത്ത് ജോലിചെയ്യേണ്ടി വരുമ്പോൾ കേൾവി സംരക്ഷണ ഉപാധികൾ (HPDs)ഉപയോഗിക്കുക





- മൂക്ക്,ചെവി, തൊണ്ട ഇവയ്ക്ക് അണുബാധയുണ്ടായാൽ ഉടൻ തന്നെ ചികിത്സ തേടുക
- ചെവിയിൽ വെള്ളമോ എണ്ണയോ ഒന്നും പോയിട്ടില്ല എന്ന് ഉറപ്പുവരുത്തുക (കുളിക്കുമ്പോഴും , നീന്തുമ്പോഴും )
- ചെവി വൃത്തിയാക്കാനായി ഹെയർ പിന്നോ, തീപ്പെട്ടിക്കൊള്ളിയോ പോലുള്ള മുനയുള്ള വസ്തുക്കൾ ഉപയോഗിക്കാതിരിക്കുക

## കേൾവിക്കുറവ് നിയന്ത്രണം



പ്രശ്നം ബാഹ്യകർണ്ണത്തിലോ മധ്യകർണ്ണത്തിലോ ആണെങ്കിൽ മരുന്നുകൊണ്ടോ, ശസ്ത്രക്രിയ നടത്തിയോ ഇ. എൻ. ടി ഡോക്ടർക്ക് ഇത് സുഖപ്പെടുത്താൻ കഴിയും. ഠരുന്നുകൊണ്ടോ ശസ്ത്രക്രിയകൊണ്ടോ ഉള്ള ചികിത്സ ഫലപ്രദമായില്ലെങ്കിൽ അഥവാ വൈകല്യം ആന്തരിക കർണ്ണത്തിനാണെങ്കിൽ ഒരു ഓഡിയോളജിസ്റ്റിന്റെ നിർദ്ദേശപ്രകാരം കേൾവിക്ക് സഹായകമാകുന്ന ഉപകരണങ്ങൾ (ശ്രവണസഹായി, കേൾവിയെ സഹായിക്കുന്ന ഉപകരണങ്ങൾ, കോക്ലിയാർ ഇംപ്ലാന്റ്സ് തുടങ്ങിയവ) ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും.ജന്മനായുള്ള കേളിസക്കുറവിന് ശ്രവണസഹായികളോടൊപ്പം സംസാര-ഭാഷാ തെറാപ്പിയും നൽകേണ്ടതാണ്.


കൂടുതൽ വിവരങ്ങൾക്ക് സമീപിക്കുക:

ഭാരതീയ വാക് ശ്രവണ സ്ഥാപനം
നൈമിഷം കാമ്പസ്, മാനസഗംഗോത്രി,മൈസൂർ -570006
ഫോൺ നമ്പർ : 0821 2502000 ഇമെയിൽ - director@aiishmysore.in
ടോൾ രഹിത നമ്പർ: 18004255218
പ്രവർത്തി ദിവസങ്ങൾ: തിങ്കൾ മുതൽ വെള്ളിവരെ (രാവിലെ 9 മണി മുതൽ വൈകുന്നേരം 5.30 വരെ)
കേന്ദ്ര സർക്കാർ അവധി ദിവസങ്ങൾ ഒഴികെ